*പൊതുവിദ്യാഭ്യാസ ഡയറക്റ്ററുടെകാര്യാലയം,*
*ഹയർസെക്കൻററിവിഭാഗം,*
*ഹൗസിങ്ബോർഡ്ബിൽഡിംഗ്,*
*തിരുവനന്തപുരം-1*

നംബർ. **ICT Cell/1771/2/DGE-HSE/2022** **12/08/2022**

## സർക്കുലർ

## വിഷയം:പ്ലസ്സ് വൺ പ്രവേശനം സ്കൂൾ വിവരങ്ങൾ പരിശോധിക്കൽ സംബന്ധിച്ച്.

സൂചന :1.) 2022-23 ലെ പ്രോസ്പക്ടസ്
2.) 12/08/2022 ലെ നം. ICT Cell/1771/1/DGE-HSE/2022 സർക്കുലർ

2022-23 അക്കാദമിക വർഷത്തിലെ പ്രവേശനത്തിന് മുന്നോടിയായി ഏകജാലകേതര രീതിയിൽ പ്രവേശനം നടത്തുന്ന അൺ-എയിഡഡ്, സ്പെഷ്യൽ, റെസിഡെൻഷ്യൽ, ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളുകൾ ,ഗൾഫിലും,ലക്ഷദ്വീപിലും,മാഹിയിലുമുള്ള ഹയർ സെക്കണ്ടറി സ്കൂളുകൾ തുടങ്ങിയവയുടെ പൊതുവിവരങ്ങളും,സീറ്റ് വിവരങ്ങളും വെബ്സൈറ്റിൽ പരിശോധിച്ച് കൃത്യത വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

പൊതുവിദ്യഭ്യാസവകുപ്പ് ഹയർ സെക്കണ്ടറി അഡ്മിഷൻ വെബ്സൈറ്റായ "www.hscap.kerala.gov.in"ലേക്ക് അഡ്മിൻ യൂസറായി ലോഗിൻ ചെയ്യുക.പ്രിൻസിപ്പൽമാരുടെ കൈവശമുള്ള അഡ്മിൻ യൂസർ ഐ.ഡി.യും പാസ്സ് വേഡും ഉപയോഗിച്ചാണ് ലോഗിൻ ചെയ്യേണ്ടത്.

1. സ്കൂളിൻെറ പേര്.

2.സ്കൂളിൻെറ ജെൻഡർ(ബോയ്സ്/ഗേൾസ്/മിക്സഡ്).

3.സ്കൂളിൽ നിലവിലുള്ള കോമ്പിനേഷനുകൾ,രണ്ടാം ഭാഷ,അക്കൗണ്ടൻസി സ്പെസിഫിക്കേഷൻ(CA/AFSഎന്നിവയിലൊന്ന്).

5.ഓരോ കോമ്പിനേഷനിലുമുള്ള ആകെ സീറ്റുകളുടെ എണ്ണം.

എന്നിവ നിർബന്ധമായും പരിശോധിക്കണം.ഈ സീറ്റ് മെട്രിക്സ് അനുസരിച്ചായിരിക്കും പ്ലസ്സ് വൺ പ്രവേശനം നടത്തേണ്ടത്. സൂചന 1 പ്രൊസ്പെകടസിൽ

പ്രതിപാദിച്ചിരിക്കുന്ന യോഗ്യതാ മാനദണ്ഡങ്ങൾ അനുസരിച്ചും സൂചന 2 സർക്കുലർ പ്രകാരം പുന;ക്രമീകരിച്ച നിർദ്ദിഷ്ട ഷെഡ്യൂൾ അനുസരിച്ചുമാണ് പ്രിൻസിപ്പൽമാർ പ്രവേശനം നടത്തേണ്ടത്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**